3393
26/2/21

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി സംസ്ഥാന ബയോ കൺട്രോൾ ലാബിൽ 9 സ്ഥിരം തൊഴിലാളി തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (ഫാംസ്) വകുപ്പ്

സ.ഉ.(കൈ) നം.36/2021/കൃഷി തീയതി,തിരുവനന്തപുരം, 24/02/2021

പരാമർശം:- കൃഷി വകുപ്പ് ഡയറക്ടറുടെ 10/02/2016, 30/01/2021 എന്നീ തീയതികളിലെ ടി.പി.(3)41609/12 നമ്പർ കത്തുകൾ.

ഉത്തരവ്

സംസ്ഥാനത്തെ ബയോകൺട്രോൾ ഏജന്റുകളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനത്തിനും വിതരണത്തിനുമായി 2000 ൽ സ്ഥാപിതമായ തൃശ്ശൂരിലെ സ്റ്റേറ്റ് ബയോകൺട്രോൾ ലാബിൽ നിലവിലുള്ള 3 കാഷ്വൽ തൊഴിലാളികളുടേയും 6 ദിവസ വേതന തൊഴിലാളികളുടെയും സേവനം നിലവിലെ ആവശ്യകതയ്ക്കുള്ള ബയോ കൺട്രോൾ ഏജന്റുകളുടെ ഉത്പാദനത്തിന് അപര്യാപ്തമാണെന്നും നിലവിലെ തൊഴിലാളികളുടെ വർക്ക്ഫോഴ്സ് ഉപയോഗിച്ച് 50% മാത്രമേ ഉത്പാദനം സാധ്യമാകുന്നുള്ളുവെന്നും ടാൽക് പൗഡർ മിക്സിംഗ്, ഉത്പന്നങ്ങൾ പായ്ക്ക് ചെയ്യൽ, വിവിധ ബയോകൺട്രോൾ ഉത്പന്ന നിർമ്മാണത്തിനായി ഷഡ്പദങ്ങളുടെ സ്പീഷിസുകളുടെ ശേഖരണം എന്നിവയാണ് പ്രധാനമായും തൊഴിലാളികൾ ചെയ്യുന്ന പ്രവൃത്തിയെന്നും വളരെയധികം അപകട സാധ്യതയുള്ള പൊടിപടലങ്ങൾ, സൂക്ഷ്മാണുക്കൾ, ഷഡ്പദങ്ങൾ, ഹൈടെൻഷൻ ഇലക്ട്രിസിറ്റി എന്നിവയുമായി നിരന്തരമായ സമ്പർക്കം ഈ തൊഴിലാളികൾക്ക് ഉണ്ടാകുന്നുണ്ടെന്നും സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ് നിലവിലെ തൊഴിലാളികളുടെ ശ്രമഫലമായി ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്നും ലാബിന്റെ സ്ഥാപിത ശേഷിയും യന്ത്രങ്ങളുടെ ശേഷിയും വേണ്ടവണ്ണം ഉപയോഗിക്കാൻ കഴിയാത്തത് തൊഴിലാളികളുടെ എണ്ണക്കുറവ് കൊണ്ടാണെന്നും ഈ വിവരങ്ങൾ കണക്കിലെടുത്ത് 1 5 സ്ഥിരം തൊഴിലാളികളുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കണമെന്നും കൃഷി വകുപ്പ് ഡയറക്ടർ പരാമർശം കത്തുകൾ പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി സംസ്ഥാന ബയോ കൺട്രോൾ ലാബിന്റെ സുഗമമായ പ്രവർത്തനത്തിന് 9 സ്ഥിരം തൊഴിലാളി തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

File No.AGRI-AF1/23/2016-AGRI

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ് സാബിർ ഹുസൈൻ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ കൃഷി ആഫീസർ, തൃശ്ശൂർ
പൊതു ഭരണ (എസ്.സി) വകുപ്പ് (ഇനം.4706 പ്രകാരം)
ധനകാര്യ വകുപ്പ് (ബി2/48/2021/ധന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ (ആഡിറ്റ്) ,തിരുവനന്തപുരം
വിവര / പൊതു ജന സമ്പർക്ക വകുപ്പ് ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ കോപ്പി / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by JUSTIN JOY J
Date: 2021.02.24 [illegible]51:45 IST
Reason: Approved
സെക്ഷൻ ഓഫീസർ

തുടർച്ച

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-02-2021

ഫയൽ നം. എ എഫ്1/23/2016/കൃഷി. ഇനം നം: 4706

വിഷയം : കൃഷി വകുപ്പ് - മണ്ണുത്തിയിലെ സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിൽ 9 സ്ഥിരം തൊഴിലാളി തസ്തികകൾ സൃഷ്ടിച്ച് നിലവിലുള്ള 3 കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (1) മാത്രം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

4706

| | |
|---|---|
| | **കേരള സർക്കാർ**<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br><u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u> |

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഎഫ്1/23/2016/കൃഷി |
| 2 | വകുപ്പ് | കൃഷി(ഫാംസ്)വകുപ്പ് |
| 3 | വിഷയം | മണ്ണുത്തിയിലെ സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിൽ 9 സ്ഥിരം തൊഴിലാളി തസ്തികകൾ സൃഷ്ടിച്ച് നിലവിലുള്ള 3 കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 30/07/2020 |
| 5 | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | അതെ |
| | ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. എസ്. സാബിർ ഹുസൈൻ |
| 8 | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ഇഷിതാ റോയി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 09/02/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11/02/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | അഡ്വ.വി.എസ്.സുനിൽകുമാർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12/02/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 12/02/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കൃഷി വകുപ്പിന്റെ കീഴിലുള്ള തൃശ്ശൂർ, മണ്ണുത്തി സംസ്ഥാന ബയോ കൺട്രോൾ ലാബിൽ 9 സ്ഥിരംതൊഴിലാളികളുടെ തസ്തികകൾ സൃഷ്ടിക്കുവാനും 3 പേരെ സ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. തൃശ്ശൂരിലെ സ്റ്റേറ്റ് ബയോകൺട്രോൾ ലാബ്, സംസ്ഥാനത്തെ ബയോകൺട്രോൾ ഏജന്റുകളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനത്തിനും വിതരണത്തിനുമായി 2000 ൽ സ്ഥാപിതമായി. ഈ സ്ഥാപനത്തിൽ തൊഴിലാളികളുടെ തസ്തികകൾ സൃഷ്ടിക്കണമെന്ന് 2010, 2012, 2013 എന്നീ വർഷങ്ങളിൽ കൃഷി വകുപ്പ് ഡയറക്ടർ പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യ വകുപ്പ് ആയത് നിരസിച്ചിരുന്നു.

3. ടി സ്ഥാപനത്തിൽ നിലവിലുള്ള 3 കാഷ്വൽ തൊഴിലാളികളുടേയും 6 ദിവസ വേതന തൊഴിലാളികളുടെയും സേവനം നിലവിലെ ആവശ്യകതയ്ക്കുള്ള ബയോ കൺട്രോൾ ഏജന്റുകളുടെ ഉത്പാദനത്തിന് അപര്യാപ്തമാണെന്നും നിലവിലെ തൊഴിലാളികളുടെ വർക്ക്ഫോഴ്സ് ഉപയോഗിച്ച് 50% മാത്രമേ ഉത്പാദനം സാധ്യമാകുന്നുള്ളൂവെന്നും കൃഷി വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ടാൽക് പൗഡർ മിക്സിംഗ്, ഉത്പന്നങ്ങൾ പായ്ക്ക് ചെയ്യൽ, വിവിധ ബയോകൺട്രോൾ ഉത്പന്ന നിർമ്മാണത്തിനായി ഷഡ്പദങ്ങളുടെ സ്പീഷിസുകളുടെ ശേഖരണം എന്നിവയാണ് പ്രധാനമായും തൊഴിലാളികൾ ചെയ്യുന്ന പ്രവൃത്തി. വളരെയധികം അപകട സാധ്യതയുള്ള

പൊടിപടലങ്ങൾ, സൂക്ഷ്മാണുക്കൾ, ഷഡ്പദങ്ങൾ. ഹൈടെൻഷൻ ഇലക്ട്രിസിറ്റി എന്നിവയുമായി നിരന്തരമായ സമ്പർക്കം ഈ തൊഴിലാളികൾക്ക് ഉണ്ടാകുന്നുണ്ട്.

4. കൃഷി വകുപ്പ് ഡയറക്ടർ സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസൽ പ്രകാരം സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ് നിലവിലെ തൊഴിലാളികളുടെ ശ്രമഫലമായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത് 31/03/2018 ലെ കണക്കുകൾ പ്രകാരം ലാബിന്റെ ആകെ റവന്യൂ 20.57 കോടി രൂപയും അറ്റാദായം 7.84 കോടി രൂപയുമാണ്. 15 സ്ഥിരം തൊഴിലാളികളുടെ നിയമനത്തിനായി 38.48 ലക്ഷം രൂപയുടെ പ്രതിവർഷ ചെലവ് ലാബിന്റെ ആകെ റവന്യൂവിന്റെ 15.48% മാത്രമാണ്. ലാബിന്റെ സ്ഥാപിത ശേഷിയും യന്ത്രങ്ങളുടെ ശേഷിയും വേണ്ടവണ്ണം ഉപയോഗിക്കാൻ കഴിയാത്തത് തൊഴിലാളികളുടെ എണ്ണക്കുറവ് കൊണ്ടാണ്. ഈ വിവരങ്ങൾ കണക്കിലെടുത്ത് 15 സ്ഥിരം തൊഴിലാളികളുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൃഷി വകുപ്പ് ഡയറക്ടർ വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി

5. പ്രസ്തുത ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് അയച്ചപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

"അഞ്ച് ജീവനക്കാരെ ദിവസവേതന അടിസ്ഥാനത്തിൽ മണ്ണുത്തി സ്റ്റേറ്റ് ബയോ - കൺട്രോൾ ലാബുമായി ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സ . ഉ ( അച്ചടി ) നം 81/2019 തീയതി 9/7/2019 പ്രകാരം

179 ദിവസത്തേക്ക് നിയമിക്കാനും ടി കാലാവധി പൂർത്തിയാവുന്ന മുറക്ക് മുൻഗുറായി പുതിയ അഞ്ചുപേർക്ക് അവസരം ലഭ്യമാകുന്ന രീതിയിൽ നിയമനം ക്രമീകരിക്കാനും, അതോടൊപ്പം ഒരുവർഷം പൂർത്തിയാകുമ്പോൾ പ്രസ്തുത നിയമനങ്ങൾ വഴി സർക്കാരിനും ജനങ്ങൾക്കും ഉണ്ടായ പ്രയോജനം വ്യക്തമാക്കുന്ന റിപ്പോർട്ടു സഹിതം ആവശ്യമെങ്കിൽ പുതിയ താൽക്കാലിക നിയമനങ്ങൾക്കായി സർക്കാരിനെ സമീപിക്കാവുന്നതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു . "

6. ബഹു.കൃഷി വകുപ്പ് മന്ത്രി ചുവടെ പറയുന്ന അഭിപ്രായം സഹിതം ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുകയുണ്ടായി.

'2000 ൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തനം ആരംഭിച്ച മണ്ണുത്തിയിലെ സംസ്ഥാന ബയോ കൺട്രോൾ ലബോറട്ടറി ജൈവനിയന്ത്രണ ഉപാധികളുടെ ഉല്പാദനത്തിലും നിയന്ത്രണത്തിലും വിതരണത്തിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. സുസ്ഥിര ജൈവ കൃഷി രീതികൾക്കാവശ്യമായ കീടരോഗ നിയന്ത്രണ ഉപാധികളെ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്ന ഏക സർക്കാർ സ്ഥാപനമാണ് ഇത്. രണ്ട് കോടിയിലധികം വരവും 75 ലക്ഷം ലാഭവും കൈവരിക്കുന്നതിന് ബയോകൺട്രോൾ ലാബിന് കഴിഞ്ഞിട്ടുണ്ട്. ലാബിന്റെ വിപുലീകരണത്തിനും ചിട്ടയായ പ്രവർത്തനങ്ങൾക്കും സ്ഥിരം ജീവനക്കാരെ അത്യാവശ്യമാണ്. കഴിഞ്ഞ 15 വർഷത്തിലധികമായി വൈദഗ്ദ്യം നേടിയ 9 സ്ത്രീ തൊഴിലാളികൾ തുടർച്ചയായി ലാബിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നുണ്ട്. മറ്റ് സ്ഥിരം തസ്തികകൾ ഒന്നും നിലവിലില്ല. ധനകാര്യവകുപ്പ്

അഭിപ്രായപ്പെട്ട പ്രകാരം 6 മാസത്തേയ്ക്ക് വീതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 5 ജീവനക്കാരെ നിയമിച്ചാൽ ലാബിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് തടസ്സം ഉണ്ടാകും. സംസ്ഥാന സർക്കാരിന്റെ "ജൈവ കാർഷിക നയം" നടപ്പിലാക്കിവരുന്നതിനും "സുഭിക്ഷ കേരളം" പദ്ധതിയുടെ ഭാഗമായി ഗുണനിലവാരമുള്ള ജൈവ നിയന്ത്രണ ഉപാധികളുടെ ആവശ്യവും കണക്കിലെടുത്ത് ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് ലാബിന്റെ വളർച്ചയ്ക്ക് വേണ്ടി 15 വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ കഠിനാദ്ധ്വാനം ചെയ്ത നിർദ്ധനരായ 9 തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനായി മണ്ണുത്തിയിലെ സംസ്ഥാന ബയോ കൺട്രോൾ ലാബിൽ 9 സ്ഥിരം തൊഴിലാളികളുടെ തസ്തിക സൃഷ്ടിക്കാവുന്നതാണ്. "

7. ബഹു. മുഖ്യമന്ത്രി ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ഉത്തരവാകുകയുണ്ടായി. വിഷയം സംബന്ധിച്ച് കൂടുതൽ സ്പഷ്ടീകരണത്തിനായി ഫയൽ വീണ്ടും ധനകാര്യവകുപ്പിന് നൽകിയപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

" Uma Devi vs Secretary, State of Karnataka എന്ന കേസിലെയും അനുബന്ധ കേസുകളിലെയും ബഹു . സുപ്രീം കോടതി വിധി പ്രകാരം ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 14, 16 309 എന്നിവയിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാതെ നടത്തുന്ന താത്കാലിക നിയമനങ്ങൾ ക്രമീകരിക്കുവാൻ സാധിക്കുകയില്ല .15

വർഷത്തിലധികമായി ജോലി ചെയ്യുന്ന ടി 9 തൊഴിലാളികളെ മേൽ പറയുന്ന നടപടി ക്രമങ്ങൾ പാലിക്കാതെ നിയമിച്ചിരിക്കുന്നതിനാൽ നിയമ പ്രകാരം സ്ഥിരപ്പെടുത്തണമെന്ന ആവശ്യം അനുവദനീയമല്ല . എന്നാൽ ഭരണ വകുപ്പ് താൽപ്പര്യപെടുന്നെങ്കിൽ 10 വർഷത്തിലധികമായി തുടർച്ചയായി സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാരുടെ കാര്യത്തിൽ മന്ത്രിസഭാ തീരുമാനത്തിന് വിധേയമായി ഭരണ വകുപ്പിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് അറിയിക്കുന്നു . ഇതിന് ബഹു . ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട് . "

8. പ്രസ്തുത ഫയൽ അഭിപ്രായത്തിനായി നിയമ വകുപ്പിന് അയച്ചപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

" ബഹു.സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ച് State of Karnataka Vs.Umadevi (AIR 2006 SC 1806 ) എന്ന കേസിൽ, താൽക്കാലിക അടിസ്ഥാനത്തിൽ/കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വ്യക്തമായ മാനദണ്ഡവും നിർദ്ദേശങ്ങളും നൽകിയിട്ടുള്ളതും ആയതിന്റെ വെളിച്ചത്തിൽ നിയമവകുപ്പിൽ നിന്നും നൽകിയ അഭിപ്രായം ധനകാര്യ അഡീ.ചീഫ് സെക്രട്ടറി 2661/Exp.A1/15/Fin നമ്പർ കുറിപ്പ് പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും സർക്കുറ്റ് ചെയ്തിരുന്നതുമാണ്. പ്രസ്തുത

വിധിയിലെ മാനദണ്ഡം പ്രകാരം വിധിന്യായം പുറപ്പെടുവിച്ച 10.04.2006 ൽ താൽക്കാലിക അടിസ്ഥാനത്തിൽ സർവീസിൽ തുടരുന്നവരും sanctioned post ൽ 10 വർഷം സർവ്വീസ് പൂർത്തിയാക്കിയവരുമായ ജീവനക്കാരെ ഒറ്റത്തവണ വ്യവസ്ഥയിൽ സ്ഥിരപ്പെടുത്തി ക്രമീകരിക്കുന്നതിന് മാത്രമാണ് കോടതി അനുമതി നൽകിയിരുന്നത്. തുടർന്ന്ബഹു.സുപ്രീം കോടതി ഡിവിഷൻ ബഞ്ച് Upendra Singh Vs.State of Bihar &Ors (AIR 2018 SC 1315) എന്ന കേസിൽ 23.12.2018 ൽ പുറപ്പെടുവിച്ച വിധിയിൽ ടി Umadevi കേസിലെ വിധിയെ ശരി വെയ്ക്കുകയും ഇപ്രകാരം വിധി പ്രസ്താവിക്കുകയും ചെയ്തു.

"Law pertaining to regularisation has now been authoritatively determined by a Constitution Bench judgement of this Court in Secretary, State at Karnataka &Ors, Vs.Umadevi & Ors (2006 (4)SCC (1) On the application of law laid down in that case, it is clear that the question of regularisation of daily wager appointed contrary to law does not arise"

ആയതിനാൽ മേൽ കോടതി വിധികളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിൽ 9 സ്ഥിരം തൊഴിലാളി തസ്തികകൾ പുതിയതായി സൃഷ്ടിച്ച് ദിവസ വേതനാടിസ്ഥാനത്തിൽ

ജോലി ചെയ്തു വരുന്നവരെ സ്ഥിരപ്പെടുത്തുന്നത് നിയമപരമല്ല എന്ന ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്."

9. നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ വീണ്ടും ബഹു. കൃഷി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.കൃഷി വകുപ്പ് മന്ത്രി ഉത്തരവായി.

10.മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പുകൾ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ പ്രസ്തുത തൊഴിലാളികളുടെ വിരമിക്കൽ പ്രായവും അവർ സ്ഥിരപ്പെടുന്ന പ്രാബല്യ തീയതിയും സഹിതം കുറിപ്പുകൾ പുന : സമർപ്പിക്കാൻ ചീഫ് സെക്രട്ടറി ഉത്തരവാകുകയുണ്ടായി. അതിൻപ്രകാരം കൃഷി ഡയറക്ടർ

ലഭ്യമാക്കിയ തൊഴിലാളികളുടെ വിശദാംശങ്ങൾ ചുവടെ

കാണാവുന്നതാണ്.

**കാഷ്വൽ തൊഴിലാളികളുടെ പേര് വിവരങ്ങൾ എസ്.ബി.സി.എൽ മണ്ണുത്തി**

| ക്രമനമ്പർ | തൊഴിലാളികളുടെ പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | കാഷ്വൽ തൊഴിലാളിയായി ജോലിയിൽ പ്രവേശിച്ച തീയതി | ആദ്യം ജോലിയിൽ പ്രവേശിച്ചത് ഡെയിലി വേജ് / എംപ്ലോയ്മെന്റ് | കാഷ്വൽ തൊഴിലാളിയായി ജോലിയിൽ പ്രവേശിച്ച ഓർഡർ നമ്പർ |
|---|---|---|---|---|---|---|
| 1 | ശാന്ത ടി എ | 12/07/1962 | 10/10/2000 | 18.06.2013 | ഡെയിലി വേജ് | സർക്കാർ ഉത്തരവ് നമ്പർ എൽ.ഡബ്ല്യൂ (2)30609/2009 തീയതി 17/06/2013 |
| 2 | ജാൻസി സി .ഒ | 13/05/1963 | 19/09/2000 | 19/03/2018 | ഡെയിലി വേജ് | സർക്കാർ ഉത്തരവ് നമ്പർ എൽ.ഡബ്ല്യൂ(2) 9/2018 തീയതി 15.0.2018 |
| 3 | സുനിത കെ.സി | 17/02/1972 | 3/08/2003 | 19/03/2018 | ഡെയിലി വേജ് ഫാമിൽ നിന്ന് വന്നു | സർക്കാർ ഉത്തരവ് നമ്പർ എൽ.ഡബ്ല്യൂ(2) 9/2018 തീയതി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 15.3.2018 |
| 4 | ഉണ്ണിക്കൃഷ്ണൻ പി .സി. | 2/04/1969 | 29/01/2015 | 19/03/2020 | ഡെയിലി വേജ് | സ.ഉ.കൈ .നമ്പർ 114/2019/ കൃഷി തീയതി തിരുവനന്തപുരം 24/09/2019 |
| 5 | പ്രിയ | 2/05/1976 | 04/09/2020 | 04/09/2020 | എംപ്ലോയ്മെന്റ് | കൃഷി ഡയറക്ടറുടെ 16/03/2020 തീയതിയിലെ എൽ ഡബ്ല്യൂ(2)9/2018 നമ്പർ |
| 6 | വിദ്യ | 29/05/1979 | 8/09/2020 | 8/09/2020 | എംപ്ലോയ്മെന്റ് | കൃഷി ഡയറക്ടറുടെ 16/03/2020 തീയതിയിലെ എൽ ഡബ്ല്യൂ(2)9/2018 നമ്പർ |

**ഡെയിലി വേജ് തൊഴിലാളികളുടെ പേര് വിവരങ്ങൾ എസ്.ബി.സി.എൽ മണ്ണുത്തി**

| ക്രമ നമ്പർ | തൊഴിലാളികളുടെ പേര് | ജനന തീയതി | ഡെയിലി വേജ് ആയി ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 1 | ഐഷ | 15/01/1958 | 03/08/2003 |
| 2 | നബീസ | 01/08/1956 | 03/08/201803 |
| 3 | ഗിരിജ | 30/12/1958 | 11/05/2005 |

11.കൃഷി ഡയറക്ടർ ലഭ്യമാക്കിയ വിശദാംശങ്ങളിൽ പ്രസ്തുതതൊഴിലാളികൾ സ്ഥിരപ്പെടുന്ന പ്രാബല്യ തീയതി അറിയിച്ചിട്ടില്ല. അതിനാൽ പ്രസ്തുത നിയമനങ്ങൾ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി പ്രാബല്യം നൽകാവുന്നതാണ്. നിലവിൽ 1/4/2013 ന ശേഷം നിയമിക്കപ്പെടുന്നവർ നാഷണൽ പെൻഷൻ സ്കീമിലാണ് വരുന്നത് . അതിൻപ്രകാരം വിരമിക്കൽ പ്രായം 60 വയസാണ്.എന്നാൽ ശ്രീമതി.ഐഷ , ശ്രീമതി. നബീസ , ശ്രീമതി. ഗിരിജ എന്നീ ഡെയിലി വേജ് തൊഴിലാളികൾ പ്രസ്തുത പ്രായപരിധി കഴിഞ്ഞവരാണ്. കൂടാതെ 3 പേർ 10 വർഷം സേവനം പൂർത്തിയാക്കിയിട്ടുമില്ല. അതിനാൽ ടിയാളുകളെ സ്ഥിരപ്പെടുത്തുവാൻ കഴിയില്ല.

12. ഇക്കാര്യം പരാമർശിച്ച് ഫയൽ ബഹു.കൃഷി വകുപ്പ് മന്ത്രിക്കു സമർപ്പിച്ചപ്പോൾ ബഹു. മന്ത്രി താഴെ വിവരിക്കും പ്രകാരം ഉത്തരവായി.

"മണ്ണുത്തി സ്റ്റേറ്റ് ബയോകൺട്രോൾ ലാബിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് 9 സ്ഥിരം തൊഴിലാളികളുടെ തസ്തിക സൃഷ്ടിക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായത്. നിലവിൽ ജോലി നോക്കി വരുന്ന 60 വയസ് തികയാത്ത 6 കാഷ്വൽ തൊഴിലാളികളെ പുതിയതായി സൃഷ്ടിക്കുന്ന തസ്തികയിൽ ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്താവുന്നതും ബാക്കി 3 സ്ഥിരം തസ്തികകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താവുന്നതുമാണ്".

13. 9 തസ്തിക സൃഷ്ടിക്കുന്നതും 9 താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ച് കൂടുതൽ പരിശോധന നടത്തിയപ്പോൾ താത്കാലിക ജീവനക്കാരിൽ 3 പേർ 60 വയസു കഴിഞ്ഞവരും 3 പേർ 10 വർഷത്തിനു താഴെ സേവനം ഉള്ളവരും ആണ്. അതിനാൽ 3 പേരെ മാത്രമേ പരിഗണിക്കാൻ സാദ്ധ്യമാകുകയുള്ളൂ. സ്റ്റേറ്റ് ബയോകൺട്രോൾ ലാബിന്റെ സുഗമമായ പ്രവർത്തനത്തിന് 9 സ്ഥിരം തൊഴിലാളികളുടെ തസ്തിക സൃഷ്ടിക്കാവുന്നതും ആ തസ്തികയിൽ 3 തസ്തികകൾ കഴിഞ്ഞ 10 വർഷത്തിലധികമായി സ്റ്റേറ്റ് ബയോകൺട്രോൾ ലാബിൽ സേവനം അനുഷ്ഠിക്കുന്ന 60 വയസു തികയാത്ത 3 പേരെ സ്ഥിരപ്പെടുത്താവുന്നതും 6 തസ്തികകളിലേക്ക് പുതിയതായി

നിയമാനുസൃതമായ നിയമന പ്രക്രിയ നടത്താവുന്നതുമാണ് എന്ന്

ബഹു. മന്ത്രി നിർദ്ദേശിക്കുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

1. തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിന്റെ സുഗമമായ പ്രവർത്തനത്തിന് 9 സ്ഥിരം തൊഴിലാളികളുടെ തസ്തിക സൃഷ്ടിക്കാവുന്നതാണോ ?

2. ടി തസ്തികകളിലെ 3 തസ്തികകളിൽ കഴിഞ്ഞ 10 വർഷത്തിലധികമായി സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിൽ സേവനം അനുഷ്ഠിക്കുന്ന 60 വയസ്സ് തികയാത്ത 3 പേരെ ധനകാര്യ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായത്തെ മറികടന്ന് ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്താവുന്നതാണോ ?